LIBRARY ARCHIVES Kerala Legislative Assembly

നിയമ വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

146 (531) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിൽ തീർപ്പാക്കാതെ കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ് എന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മറ്റു വകുപ്പുകളിൽനിന്നും നിയമോപദേശം തേടി അയയ്ക്കുന്ന ഫയലുകൾ ആണോ ഇപ്രകാരം നിയമ വകുപ്പിൽ കെട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ നിയമ വകുപ്പിൽനിന്നുള്ള തീർപ്പ് യഥാസമയം ലഭിക്കാത്തതുമൂലം മറ്റു വകുപ്പുകളിലും കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) നിയമോപദേശം ആവശ്യപ്പെട്ടവരുന്ന ഫയലുകൾ കാലതാമസം കൂടാതെ തന്നെ അതാത് ഭരണ വകുപ്പുകൾക്ക് തിരികെ നൽകാറുണ്ട്.

(ഡി) നിയമ വകുപ്പിൽ തീർപ്പുകൽപ്പിക്കാതെ നിലവിലുള്ള ഫയലുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

എല്ലാ സെക്ഷനുകളുടെയും ഫയലുകൾ ഉൾപ്പെടെ 2021 ആഗസ്റ്റ് 31 വരെ 2446 ഫയലുകളാണ് നിയമ വകുപ്പിൽ തീർപ്പാക്കാനുള്ളത്.

(ഇ) എങ്കിൽ ഈ ഫയലുകളിൽ അടിയന്തര തീർപ്പ് ഉണ്ടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ?

ഫയലുകൾ വേഗത്തിലും അടിയന്തരമായും തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം

147 (532) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂല്യ വർദ്ധിത റബ്ബർ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി 'കേരള റബ്ബർ ലിമിറ്റഡ്' എന്ന കമ്പനി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?